## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2232

### 05-02-2018 ൽ മറുപടിക്ക്

### കിഫ്ബിയുമായുള്ള ചെലവുകൾ

| ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക ബോർഡുള്ള വാഹനം കിഫ്ബിക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എത്ര വാഹനങ്ങൾ കിഫ്ബിയുടെ ഉപയോഗത്തിനായി വാടകയ്ക്ക് എടുത്തിട്ടുണ്ട്; ഇവ ആരുടെയൊക്കെ ഔദ്യോഗിക ഉപയോഗത്തിനായി ക്രമപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | കിഫ്ബിയുടെ ധനകാര്യ — ഭരണ വിഭാഗവും കിഫ്ബിയുടെ ഭരണ വകുപ്പായ ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെയും ഇരട്ട ചുമതല ഒരേ സമയം വഹിക്കുന്നത് ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരും ജീവനക്കാരുമാണ്. ആ നിലയ്ക്ക് ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക ബോർഡുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. നിലവിൽ 5 വാഹനങ്ങൾ കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്നുണ്ട്. 3 വാഹനങ്ങൾ ധനകാര്യ ഇൻഫ്രാസ്ട്രക്ചർ, കിഫ്ബി പ്രോജക്ട് അപ്രൈസൽ തുടങ്ങിയ വിഭാഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിനും 2 വാഹനങ്ങൾ ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ഔദ്യോഗിക ആവശ്യത്തിനും ഉപയോഗിക്കുന്നുണ്ട്. |
| (ബി) ഓഫീസ് കെട്ടിട വാടകയിനത്തിൽ എത്ര രൂപയാണ് കിഫ്ബി കഴിഞ്ഞ വർഷം ചെലവഴിച്ചത്;ഓഫീസ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത് എവിടെയെല്ലാമാണ്; ഈ കെട്ടിടങ്ങൾ നവീകരിക്കുന്നതിനായും ഫർണിഷിങ്ങിനായും എത്ര രൂപ കിഫ്ബി ഫണ്ടിൽ നിന്നും നാളിതുവരെ ചെലവഴിച്ചു; നവീകരണ,ഫർണിഷിംഗ് ജോലികൾ ചെയ്യാൻ ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്; ഈ | കിഫ്ബിയുടെ നിലവിലെ ഓഫീസ് പ്രവർത്തിക്കുന്നത് തിരുവനന്തപുരം വഴുതക്കാട് സർക്കാർ വനിതാ കോളേജിനു സമീപമുള്ളതും പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള അസാപ് പ്രവർത്തിക്കുന്നതുമായ ഇൻഡ്യാ ഹൈറ്റ്സ് ബിൽഡിംഗിന്റെ മൂന്നും നാലും നിലകളിലായാണ്. അസാപുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ മൊത്തം വാടകയിനത്തിന്റെ 35% വും വൈദ്യുതി-ജല ഉപഭോഗത്തിന്റെ 30% വീതവും കിഫ്ബിയാണ് വഹിക്കുന്നത്. ഈ നിലയ്ക്ക് ടി കെട്ടിടത്തിന്റെ മൂന്നും നാലും നിലകൾക്കായി കഴിഞ്ഞ വർഷം വാടകയിനത്തിൽ 32,28,902.95 രൂപയും വൈദ്യുതി-ജല ഉപഭോഗയിനത്തിൽ യഥാക്രമം 3,69,217.80 രൂപയും 8,271 രൂപയും ചെലവായിട്ടുണ്ട്. 14.02.2017 ലെ സ.ഉ. (കൈ)നം. 77/2017/ധന ഉത്തരവു പ്രകാരം കിഫ്ബിയിൽ സൃഷ്ടിച്ചിട്ടുള്ള പുതിയ തസ്തികകൾ ഉൾക്കൊള്ളുന്നതിനായി കിഫ്ബിയുടെ പുതിയ ഓഫീസ് എന്ന നിലയിൽ തിരുവനന്തപുരം സ്റ്റാച്യുവിലുള്ള ഫെലിസിറ്റി സ്ക്വയർ |

| | |
|---|---|
| സ്ഥാപനത്തെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കാമോ; | ബിൽഡിംഗിന്റെ രണ്ടാം നില വാടകയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതും മൂന്നാം നില വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്. ടി കെട്ടിടത്തിന്റെ ഉടമസ്ഥനുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ രണ്ടാം നിലയുടെ വാടകയിനത്തിൽ 26,10,232 രൂപയും വൈദ്യുതി-ജല ഉപഭോഗയിനത്തിൽ 27,604 രൂപയും 4,036 രൂപ യഥാക്രമവും അറ്റകുറ്റപ്പണികൾക്കുള്ള ചെലവിനത്തിൽ 2,17,258 രൂപയും കഴിഞ്ഞ വർഷം ചെലവായിട്ടുണ്ട്. 17.09.2014 ലെ സ.ഉ.(അച്ചടി) നം. 395/14/ധന ഉത്തരവ് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ടെൻഡർ നടപടികൾ കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾ ഹാബിറ്റാറ്റിനെ ഏൽപ്പിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ നിലവിലെ ഓഫീസ് നവീകരിക്കുന്നതിന് 2016 ൽ ഹാബിറ്റാറ്റ് ടെക്നോളജി എന്ന ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നതും ടി ഇനത്തിൽ 25,86,615/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. കിഫ്ബിയുടെ പുതിയ ഓഫീസ് നവീകരണ ഫർണിഷിംഗ് ജോലികൾക്കായി ഊരാലുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും ഷോർട്ട് ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ജോലികൾ പൂർത്തിയായി വരുന്നു. |
| (സി) കിഫ്ബി ഓഫീസ് നവീകരണത്തിന്റെ മേൽനോട്ട ചുമതല നിർവ്വഹിച്ചത് ആരാണ്; ഇതിനായി പുതിയതായി കൺസൾട്ടൻസി നിയമനം നടത്താൻ നീക്കം ആരംഭിച്ചിട്ടുണ്ടോ? | കിഫ്ബിയുടെ നിലവിലെ ഓഫീസ് നവീകരണത്തിന്റെ മേൽനോട്ട ചുമതല ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) ചീഫ് എഞ്ചിനീയറുടെ സേവനം ലഭ്യമാക്കിയിരുന്നതും, കിഫ്ബിയുടെ പുതിയ ഓഫീസിന്റെ മേൽനോട്ട ചുമതല പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ, ബിൽഡിംഗ്സ് എഞ്ചിനീയർമാരും കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി അഡീഷണൽ സെക്രട്ടറിയും അടങ്ങുന്ന ടെക്നിക്കൽ കമ്മറ്റിക്കാണ്. ഇതിനായി പുതിയതായി കൺസൾട്ടൻസി നിയമനം നടത്താൻ തീരുമാനമൊന്നുമില്ല. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Finance Department –Revised Guidelines for execution of public works through accredited agencies-exemption to Habitat and COSTFORD- Orders Issued –

FINANCE (INDUSTRIES & PUBLIC WORKS - B) DEPARTMENT

**G.O.(P) No. 395/14/Fin. Dated, Thiruvananthapuram, 17.09.2014**

Read
1) G.O. (P) No.408/07/Fin, dated 07.09.2007
2) G.O.(P) No.311/14/Fin dated 30.07.2014
3) Letter No. HTG/2014/08/600 dated 05.08.2014 from Chairman, Habitat Group of Technology
4) G.O.(P) No. 3/2009/Fin dated 02.01.2009
5) G.O.(P) No.423/09/Fin dated 01.10.2009

## ORDER

Government vide order 1st read above, issued general guidelines for executing public works through various accredited agencies other than Public Works Department. These guidelines were revised with effect from 1st August 2014 vide reference second cited. Accordingly NGOs, Charitable institutions having sufficient experience in execution of public works and following alternate cost effective technologies are grouped under category D of Annexure 2 of the said Government Order. It was also ordered that Agencies under category D shall not normally be entrusted with execution of public works without tendering process.

2) The Chairman, Habitat Group of Technology vide reference 3rd cited has represented to Government that, they were authorised to execute public works without tendering before issuance of the new guidelines vide

Government Order referred 3rd cited and they are currently engaged with several Government works. Hence it was requested to restore the status quo based on the earlier orders issued in this regard. M/S COSTFORD another Agency authorised to execute public works vide Government Order 4th cited, also made similar request.

3) Government have examined these requests and convinced of the reputation of the above Agencies in executing public works without any profit motive. Considering the above, Government are pleased to restore status quo to these institutions in entrusting with execution of public works without tender process on condition that the work shall be executed at estimate cost as per the prevailing PWD estimate rates.

**(By Order of the Governor)**

**A.R.AJAYAKUMAR**

**ADDITIONAL SECRETARY (FINANCE)**

To

The Accountant General (A&E) Kerala, Thiruvanathapuram
The Accountant General (G&SSA) Kerala, Thiruvanathapuram
The Accountant General (E&RSA) Kerala, Thiruvanathapuram
All Heads of Departments and Offices
All Departments of Secretariat
All Private Secretaries to Ministers
Private Secretary to Chief Minister
Private Secretary to the Leader of Opposition
All Secretaries to Government
The Registrar, High Court of Kerala
The Secretary, Kerala Human Rights Commission, Thiruvananthapuram
The Secretary to Governor
The Nodal Officer, www.finance.kerala.gov.in
Stock file/Office Copy

Forwarded/By Order

Section Officer